# പതിമൂന്നാം കേരളനിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.619** **29/06/2015-ൽ മറുപടിക്ക്**

## സ്മാർട്ട് സിറ്റി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി. എം. തോമസ് ഐസക് | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സ്മാർട്ട് സിറ്റി പദ്ധതിയുടെ അന്തിമ കരാറിൽ ഏർപ്പെട്ടത് ഏത് തീയതിയിലായിരുന്നു; കരാർ വ്യവസ്ഥകൾ പ്രകാരം പിന്നിട്ട കാലയളവിനുള്ളിൽ സ്മാർട്ട് സിറ്റിയിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ടായിരുന്നു; എത്ര പേർക്ക് പുതുതായി തൊഴിൽ നൽകുന്ന എത്ര ഐ.ടി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുണ്ടായിരുന്നു; വ്യവസ്ഥകൾ എല്ലാം പാലിക്കാറുണ്ടോ; എങ്കിൽ എത്ര ശതമാനമെന്നും വിശദീകരിക്കുമോ ; | (എ) | ടീകോമുമായി ഫ്രെയിംവർക്ക് എഗ്രിമെന്റ് 13/05/2007-ലാണ് ഒപ്പിട്ടത്. കരാർ പ്രകാരം closing തീയതി മുതൽ 10 വർഷത്തിനകം 8.8 മില്യൺ ച. അടി. നിർമ്മാണ വിസ്തൃതിയോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും, 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതുമാണ്. അതിൽ 6.5 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടനിർമ്മാണം അന്തിമ ഘട്ടത്തിലാണ്. |
| (ബി) | ഇന്നത്തെ നിലയിൽ സ്മാർട്ട് സിറ്റി പദ്ധതി വിഭാവനം ചെയ്ത വിധത്തിൽ പൂർണ സജ്ജമാകാൻ എത്ര സമയം വേണ്ടിവരുമെന്ന് കരുതുന്നു; | (ബി) | 2021 ആകുമ്പോഴേക്കും പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാകുമെന്ന് കരുതുന്നു. |
| (സി) | പദ്ധതിക്കായി സർക്കാർ മൊത്തം എത്ര രൂപ നിക്ഷേപിച്ചുവെന്നും ടീകോം കമ്പനി എത്ര രൂപ നിക്ഷേപിച്ചുവെന്നും പദ്ധതിയ്ക്കുവേണ്ടി കടം എടുത്തത് എത്ര രൂപയെന്നും വ്യക്തമാക്കുമോ ? | (സി) | പദ്ധതി നടത്തിപ്പിനായി സർക്കാർ തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി 31.2 കോടി രൂപ നൽകിയിട്ടുണ്ട്. ടീകോം കമ്പനിയുടെ നിക്ഷേപത്തെപ്പറ്റിയുള്ള വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ